**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഫയൽ തട്ടുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഫയലുകളിൽ തീരുമാനമെടുക്കുന്നതിൽ നിലവിലുള്ള തട്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിമൂന്നാം റിപ്പോർട്ടായ സെക്രട്ടറിയറ്റ് റിഫോംസിൽ വിവിധ തലങ്ങളിൽ ഫയൽ ചംക്രമണം ചെയ്യുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുഭരണ വകുപ്പിലെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തി കരട് പഠന റിപ്പോർട്ട് 12.03.2019 ലെ സ.ഉ(കൈ)നം.4/2019/ഉഭപവ പ്രകാരം രൂപീകരിച്ച സമിതിക്ക് നൽകിയിരുന്നു.പ്രസ്തുത റിപ്പോർട്ടിൽ സെക്ഷനും വകുപ്പ് സെക്രട്ടറിക്കും ഇടയിൽ രണ്ട് മധ്യതല ഓഫീസർമാരുടെ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതും (ആദ്യ തലത്തിൽ അണ്ടർ/ഡെപ്യൂട്ടി സെക്രട്ടറി, രണ്ടാം തലത്തിൽ ഡെപ്യൂട്ടി/ജോയിന്റ്/ അഡീഷണൽ സെക്രട്ടറി) ആയത് അധികരിക്കുവാൻ പാടില്ലാത്തതുമാണെന്ന് ശിപാർശ ചെയ്തിരുന്നു. ടി വിഷയം ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച സമിതി തയ്യാറാക്കിയ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് 25.11.2020 ലെ സ.ഉ(കൈ)നം.229/2020/പൊഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിമൂന്നാം റിപ്പോർട്ടായ സെക്രട്ടറിയറ്റ് റിഫോംസിൽ വിവിധ തലങ്ങളിൽ ഫയൽ ചംക്രമണം ചെയ്യുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുഭരണ വകുപ്പിലെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തി കരട് പഠന റിപ്പോർട്ട് 12.03.2019 ലെ സ.ഉ(കൈ)നം.4/2019/ഉഭപവ |

| | | | |
|---|---|---|---|
| | | | പ്രകാരം രൂപീകരിച്ച സമിതിക്ക് നൽകിയിരുന്നു.പ്രസ്തുത റിപ്പോർട്ടിൽ സെക്ഷനും വകുപ്പ് സെക്രട്ടറിക്കും ഇടയിൽ രണ്ട് മധ്യതല ഓഫീസർമാരുടെ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതും (ആദ്യ തലത്തിൽ അണ്ടർ/ഡെപ്യൂട്ടി സെക്രട്ടറി, രണ്ടാം തലത്തിൽ ഡെപ്യൂട്ടി/ജോയിന്റ്/ അഡീഷണൽ സെക്രട്ടറി) ആയത് അധികരിക്കുവാൻ പാടില്ലാത്തതുമാണെന്ന് ശിപാർശ ചെയ്തിരുന്നു. ടി വിഷയം ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച സമിതി തയ്യാറാക്കിയ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് 25.11.2020 ലെ സ.ഉ(കൈ)നം.229/2020/പൊഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ